ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനമൊട്ടാകെയുള്ള ഉപഭോക്താക്കളെ ഗാർഹിക, ഗാർഹികേതര, വ്യാവസായിക വിഭാഗങ്ങളായി തിരിച്ചാണ് വെള്ളക്കരം ഈടാക്കുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ വില വ്യത്യസ്ത നിരക്കിൽ ഈടാക്കി വരുന്നു. ഇതു സംബന്ധിച്ച വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശിക ഇനത്തിൽ ഉദ്ദേശം 670 കോടി രൂപയോളം പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ പൊതുമേഖലയിൽ നിന്നും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ) ഉദ്ദേശം 590 കോടി രൂപയും സ്വകാര്യ വ്യക്തികളിൽ നിന്നും 80 കോടി രൂപയോളവും പിരിഞ്ഞു കിട്ടാനുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) ഇപ്പോൾ ഇല്ല.

കേരള വാട്ടർ അതോറിറ്റിയിൽ ഒഴിവുള്ള മീറ്റർ റീഡർ തസ്തികകൾ

89 [271] *ശ്രീ. വി. കെ. സി. മമ്മത്കോയ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(സി) ഇതേവരെ ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ഡി) നിലവിലുള്ള ഒഴിവുകൾ മുഴുവനും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ തസ്തികയിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട് ;

(എഫ്) ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 ഒഴിവുകൾ.

(ബി) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പി.എസ്.സി.യിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് റാങ്ക് ലിസ്റ്റിന്റെ കാലാവധി 17-3-2004 മുതൽ 16-3-2007 വരെയാണ്.

(സി) ഇതേവരെ ഈ ലിസ്റ്റിൽ നിന്നും 34 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) താൽക്കാലികമായി നിയമനം ഇല്ല.

(എഫ്) നിലവിലുള്ള 5 തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അഞ്ചു പേർക്കും അഡ്വൈസ് മെമ്മോ അയച്ചതനുസരിച്ച് ആ ഉദ്യോഗാർത്ഥികളെ നിയമിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

വനം കയ്യേറ്റം

90 [272] *ശ്രീ. ബിനോയ് വിശ്വം :*

„ *പി. നാരായണൻ :*

„ *പി. എസ്. സുപാൽ :*

„ *എൻ. രാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷംകൊണ്ട് എത്ര വനം കയ്യേറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വനം കയ്യേറ്റംമൂലം എത്ര ഹെക്ടർ വനം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിക്ഷിപ്ത വനഭൂമി കയ്യേറിയ എത്ര സംഭവങ്ങളുണ്ട്; അവ ഏതെല്ലാം ;

(ഡി) വനം കയ്യേറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷംകൊണ്ട് 148 വനം കയ്യേറ്റങ്ങളുണ്ടായിട്ടുണ്ട്.

(ബി) 344.4789 ഹെക്ടർ വനം നഷ്ടപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly